200

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ ആക്റ്റ്, 1971

(1971-ലെ 69-ാം നമ്പർ ആക്റ്റ്)

(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE PREVENTION OF INSULTS TO NATIONAL HONOUR ACT, 1971

**(ACT No. 69 of 1971)**

**(As on 15th February, 2013)**

വില : 16 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്
തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2013.

## ആമുഖം

2013 ഫെബ്രുവരി മാസം 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ ആക്റ്റ്, 1971 (1971-ലെ 69-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 5-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I-ാം വാല്യം, 9-ാം നമ്പരായി 1 മുതൽ 3 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**പി. കെ. മൽഹോത്ര,**
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Prevention of Insults to National Honour Act, 1971 (Act No. 69 of 1971) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 9 dated 5th April, 2013 on Pages 1 to 3.

This authorised translation was published under the authority of the President of India under clause (a) section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

**P. K. MALHOTRA,**
*Secretary to the Government of India.*

GCPT. 3/3429/2013

## ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ ആക്റ്റ്, 1971

(1971-ലെ 69-ാം നമ്പർ ആക്റ്റ്)

ഉള്ളടക്കം


| *വകുപ്പുകൾ* | | | *പേജ്* |
|---|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും | .. | 1 |
| 2. | ഭാരതത്തിന്റെ ദേശീയപതാകയോടും ഭാരതത്തിന്റെ ഭരണഘടനയോടും ഉള്ള അപമാനം | .. | 1 |
| 3. | ഭാരതത്തിന്റെ ദേശീയഗാനം പാടുന്നത് തടയൽ, മുതലായവ | .. | 2 |
| 3 ക. | രണ്ടാമത്തെയും പിന്നീടുള്ള കുറ്റസ്ഥാപനങ്ങൾക്കുമുള്ള വർദ്ധിപ്പിച്ച ദണ്ഡനം | .. | 2 |

# ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ ആക്റ്റ്, 1971

## (1971-ലെ 69-ാം നമ്പർ ആക്റ്റ്)

[1971 ഡിസംബർ, 23]

ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ ഇരുപത്തിരണ്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ ആക്റ്റ്, 1971 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

2. ഭാരതത്തിന്റെ ദേശീയപതാകയോടും ഭാരതത്തിന്റെ ഭരണഘടനയോടും ഉള്ള അപമാനം.—ഏതെങ്കിലും പൊതുസ്ഥലത്തുവച്ചോ പൊതുജനദൃഷ്ടിയിലുള്ള മറ്റേതെങ്കിലും സ്ഥലത്തുവച്ചോ, ഭാരതത്തിന്റെ ദേശീയപതാകയെയോ ഭാരതത്തിന്റെ ഭരണഘടനയെയോ അതിന്റെ ഏതെങ്കിലും ഭാഗത്തെയോ കത്തിക്കുകയോ വികൃതമാക്കുകയോ രൂപം കെടുത്തുകയോ അശുദ്ധമാക്കുകയോ വിരൂപമാക്കുകയോ നശിപ്പിക്കുകയോ ചവിട്ടിത്തേയ്ക്കുകയോ [1][മറ്റുവിധത്തിൽ അനാദരവ് കാണിക്കുകയോ നിന്ദ ജനിപ്പിക്കുകയോ] (പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ കൃത്യങ്ങളാലോ) ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലയളവിലേക്കുള്ള തടവ് ശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

വിശദീകരണം 1. നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ ഭാരതത്തിന്റെ ഭരണഘടനയ്ക്ക് ഒരു ഭേദഗതിയോ ഭാരതത്തിന്റെ ദേശീയപതാകയ്ക്ക് ഒരു വ്യത്യാസമോ വരുത്തിക്കിട്ടേണ്ട ലക്ഷ്യത്തോടെ ഭരണഘടനയോ ഭാരതത്തിന്റെ ദേശീയപതാകയോ സർക്കാരിന്റെ ഏതെങ്കിലും നടപടികളോ സംബന്ധിച്ച് പ്രതികൂലാഭിപ്രായമോ നിരൂപണമോ പ്രകടിപ്പിക്കുന്ന വിമർശനങ്ങൾ ഈ വകുപ്പു പ്രകാരമുള്ള ഒരു കുറ്റമാകുന്നതല്ല.

വിശദീകരണം 2. "ഭാരതത്തിന്റെ ദേശീയപതാക" എന്ന പദപ്രയോഗത്തിൽ, ഏതെങ്കിലും പദാർത്ഥം കൊണ്ടുണ്ടാക്കിയതോ ഏതെങ്കിലും പദാർത്ഥത്തിൻമേൽ പ്രതിരൂപണം ചെയ്തിട്ടുള്ളതോ ആയ, ഭാരതത്തിന്റെ ദേശീയപതാകയുടേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ അതിന്റെ ഭാഗങ്ങളുടേയോ ഏതെങ്കിലും പടമോ വർണ്ണചിത്രമോ രേഖാചിത്രമോ ഫോട്ടോഗ്രാഫോ അല്ലെങ്കിൽ മറ്റ് ദൃശ്യമായ പ്രതിരൂപണമോ ഉൾപ്പെടുന്നതാണ്.

വിശദീകരണം 3. "പൊതുസ്ഥലം" എന്ന പദപ്രയോഗത്തിന്, പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതോ പൊതുജനങ്ങൾക്ക് പ്രാപ്യമോ ആയ ഏതെങ്കിലും സ്ഥലം എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും പൊതു വാഹനം ഉൾപ്പെടുന്നതുമാണ്.

[2][വിശദീകരണം 4. ഭാരതത്തിന്റെ ദേശീയപതാകയോടുള്ള അനാദരവ് എന്നാൽ,—

(ക) ഭാരതത്തിന്റെ ദേശീയപതാകയോടുള്ള കടുത്ത അവജ്ഞയോ അനാദരവോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും വ്യക്തിക്ക് അല്ലെങ്കിൽ വസ്തുവിന് അഭിവാദ്യം അർപ്പിക്കുമ്പോൾ ഭാരതത്തിന്റെ ദേശീയപതാക പകുതി താഴ്ത്തുന്നത്; അല്ലെങ്കിൽ

---

1. ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ (ഭേദഗതി) ആക്റ്റ്, 2003 (2003-ലെ 31) പ്രകാരം പകരം ചേർത്തത്.

2. മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റ് പ്രകാരം കൂട്ടിചേർത്തത്.

(ഗ) പൊതുസ്ഥാപനങ്ങളിൽ ഭാരതത്തിന്റെ ദേശീയപതാക പകുതി താഴ്ത്തിക്കെട്ടി പറപ്പിക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായ അവസരങ്ങളിലല്ലാതെ, ഭാരതത്തിന്റെ ദേശീയപതാക പകുതി താഴ്ത്തിക്കെട്ടി പറപ്പിക്കുന്നത് ; അല്ലെങ്കിൽ

(ഘ) രാഷ്ട്രത്തിലെ ശവസംസ്ക്കാര ചടങ്ങുകളിലോ സൈന്യത്തിലെയോ മറ്റു അർദ്ധ സൈന്യത്തിലെയോ ശവസംസ്ക്കാര ചടങ്ങുകളിലോ അല്ലാതെ ഭാരതത്തിന്റെ ദേശീയപതാക ഒരു അലങ്കാര വസ്തുവായി, ഏതു രീതിയിലുള്ളതായാലും, ഉപയോഗിക്കുന്നത് ; അല്ലെങ്കിൽ]

[1][(ങ) ഭാരതത്തിന്റെ ദേശീയപതാക,—

(i) ഏതെങ്കിലും ആളുടെ അരയ്ക്കു താഴെ ധരിക്കപ്പെടാവുന്ന വസ്ത്രാലങ്കാരത്തിന്റെ ഒരു ഭാഗമായി, യൂണിഫോമായോ അതിന്റെ ഏതെങ്കിലും തരത്തിലുള്ള അനുബന്ധമായോ ; അല്ലെങ്കിൽ

(ii) കുഷ്യനുകളിൻമേലോ കൈലേസുകളിൻമേലോ കൈത്തോർത്തുകളിൻമേലോ അടിവസ്ത്രങ്ങളിൻമേലോ ഏതെങ്കിലും തുണിത്തരങ്ങളിൻമേലോ അത് ചിത്രത്തുന്നലായോ മുദ്രണമായോ,

ഉപയോഗിക്കുന്നത് ; അല്ലെങ്കിൽ]

(ച) ഭാരതത്തിന്റെ ദേശീയപതാകയിൻമേൽ ഏതെങ്കിലും തരത്തിലുള്ള ആലേഖനം ചെയ്യുന്നത് ; അല്ലെങ്കിൽ

(ഛ) റിപ്പബ്ലിക് ദിനമോ സ്വാതന്ത്ര്യദിനമോ ഉൾപ്പെടുന്ന പ്രത്യേക ആഘോഷവേളകളുടെ ഭാഗമായി ഭാരതത്തിന്റെ ദേശീയപതാക ചുരുൾ നിവർത്തപ്പെടുന്നതിനുമുമ്പ് പൂവിതളുകൾ അല്ലാതെ എന്തെങ്കിലും സ്വീകരിക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ വഹിക്കുന്നതിനോ ഒരു താലമായി ഭാരതത്തിന്റെ ദേശീയപതാക ഉപയോഗിക്കുന്നത് ; അല്ലെങ്കിൽ

(ജ) ഭാരതത്തിന്റെ ദേശീയപതാക ഒരു പ്രതിമയ്ക്കോ സ്മാരകത്തിനോ ഒരു പ്രാസംഗികന്റെ ഡസ്കിനോ ഒരു പ്രാസംഗികന്റെ വേദിയ്ക്കോ ആവരണമായി ഉപയോഗിക്കുന്നത് ; അല്ലെങ്കിൽ

(ഝ) ഭാരതത്തിന്റെ ദേശീയപതാക മനഃപൂർവ്വം നിലത്തോ തറയിലോ സ്പർശിക്കുന്നതിനോ ജലത്തിൽ വലിച്ചിഴയ്ക്കുന്നതിനോ ; അല്ലെങ്കിൽ

(ഞ) ഭാരതത്തിന്റെ ദേശീയപതാക ഒരു വാഹനത്തിന്റെയോ ട്രെയിനിന്റെയോ ബോട്ടിന്റെയോ വിമാനത്തിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സമാനമായ വസ്തുവിന്റെയോ മുകളിലും വശങ്ങളിലും അല്ലെങ്കിൽ പുറകിലും മേലാപ്പായി അലങ്കരിക്കുന്നത് ; അല്ലെങ്കിൽ

(ട) ഭാരതത്തിന്റെ ദേശീയപതാക ഒരു കെട്ടിടത്തിന്റെ ആവരണമായി ഉപയോഗിക്കുന്നത് ; അല്ലെങ്കിൽ

(ഠ) ഭാരതത്തിന്റെ ദേശീയപതാക കുങ്കുമ നിറം താഴെ വരത്തക്കവിധം മനഃപൂർവ്വം പ്രദർശിപ്പിക്കുന്നത്,

എന്നർത്ഥമാകുന്നതും അതിൽ അവ ഉൾപ്പെടുന്നതുമാകുന്നു.]

3. <u>ഭാരതത്തിന്റെ ദേശീയഗാനം പാടുന്നത് തടയൽ, മുതലായവ.</u>—ഭാരതത്തിന്റെ ദേശീയഗാനം പാടുന്നത് മനഃപൂർവ്വം തടയുകയോ അല്ലെങ്കിൽ അങ്ങനെ പാടുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും സംഘത്തിന് തടസ്സമുണ്ടാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലയളവിലേക്കുള്ള തടവ് ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

[2][(3ക) <u>രണ്ടാമത്തെയും പിന്നീടുള്ള കുറ്റസ്ഥാപനങ്ങൾക്കുമുള്ള വർദ്ധിപ്പിച്ച ദണ്ഡനം.</u>— 2-ാം വകുപ്പോ 3-ാം വകുപ്പോ പ്രകാരം ഒരു കുറ്റം സ്ഥാപിക്കപ്പെട്ട ഏതൊരാളും, അങ്ങനെയുള്ള ഏതെങ്കിലും കുറ്റത്തിന് വീണ്ടും കുറ്റസ്ഥാപനം ചെയ്യപ്പെട്ടാൽ, രണ്ടാമത്തെയും പിന്നീടുള്ള ഓരോ കുറ്റത്തിനും ഒരു വർഷത്തിൽ കുറയാത്ത കാലയളവിലേക്കുള്ള തടവ് ശിക്ഷയ്ക്ക് ശിക്ഷിക്കപ്പെടുന്നതാണ്.]

1. ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ (ഭേദഗതി) ആക്റ്റ്, 2005 (2005-ലെ 51) പ്രകാരം പകരം ചേർത്തത്.
2. ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ (ഭേദഗതി) ആക്റ്റ്, 2003 (2003-ലെ 31) പ്രകാരം പകരം കൂട്ടിച്ചേർത്തത്.

# THE PREVENTION OF INSULTS TO NATIONAL HONOUR ACT, 1971

## (ACT No. 69 of 1971)

## ദേശീയമാനത്തോടുള്ള അപമാനങ്ങൾ തടയൽ ആക്റ്റ്, 1971

(1971-ലെ 69-ാം നമ്പർ ആക്റ്റ്)

### GLOSSARY

| | | | |
|---|---|---|---|
| 1. | Affront | അവജ്ഞ | Sn. 2 Expl. 4 (a) |
| 2. | Defaces | രൂപം കെടുത്തുക | Sn. 2 |
| 3. | Defiles | അശുദ്ധമാക്കുക | Sn. 2 |
| 4. | Draping | അലങ്കരിക്കുക | Sn. 2 Expl. 4 (j) |
| 5. | Hood | മേലാപ്പ് | Sn. 2 Expl. 4 (j) |
| 6. | Tramples | ചവിട്ടിതേയ്ക്കുക | Sn. 2 |
| 7. | Trail | വലിച്ചിഴയ്ക്കുക | Sn. 2 Expl. 4 (i) |